# രണ്ട് ഉച്ചകോടികൾ

**കഴിഞ്ഞമാസം** ഏഷ്യയിൽ രണ്ട് ഉച്ചകോടികൾ നടക്കുകയുണ്ടായി. ഒന്ന് മലേഷ്യൻ തലസ്ഥാനമായ കോലാലംപൂരിൽ ജൂലൈ 4-ന് ചേർന്ന ഡി-എട്ട് ഉച്ചകോടി. പാകിസ്താൻ, ബംഗ്ലാദേശ്, ഇന്തോനേഷ്യ, മലേഷ്യ, ഈജിപ്ത്, ഇറാൻ, നൈജീരിയ, തുർക്കി എന്നീ പ്രമുഖ മുസ്‌ലിം രാജ്യങ്ങളാണ് ഡി-എട്ടിലെ അംഗങ്ങൾ. ജപ്പാനിലെ ഹൊക്കയ്ഡോ ദ്വീപിലെ ടൊയാക്കോ നഗരത്തിൽ ജൂലൈ 8-ന് നടന്ന ജി-എട്ട് രാഷ്ട്രങ്ങളുടെ 34-ാം സമ്മേളനമാണ് രണ്ടാമത്തേത്. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ തുടങ്ങിയ വൻകിട വികസിത രാഷ്ട്രങ്ങളാണ് ഇതിലെ അംഗങ്ങൾ.

സമകാലിക ആഗോള സാഹചര്യം പരിഗണിക്കുമ്പോൾ ലോകജനതയെ സംബന്ധിച്ചേടത്തോളം അതിപ്രധാനങ്ങളാകേണ്ടതായിരുന്നു ഈ ഉച്ചകോടികൾ. സങ്കീർണമായ നിരവധി പ്രശ്നങ്ങളിലൂടെയാണ് ലോകം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ഒരുവശത്ത് അനുദിനം വഷളായിക്കൊണ്ടിരിക്കുന്ന സമാധാനവും സുരക്ഷിതത്വവും. മറുവശത്ത് കാലാവസ്ഥ വ്യതിയാനങ്ങൾ സൃഷ്ടിക്കുന്ന ദുരന്തങ്ങൾ. ഇനിയൊരു വശത്ത് ലോകത്തെ തുറിച്ചു നോക്കുന്ന ഭക്ഷ്യ പ്രതിസന്ധി. നാലാമതൊരു വശത്ത് ആധുനിക ലോകത്തിന്റെ ചാലകശക്തിയായ എണ്ണയുടെ അഭൂതപൂർവമായ വിലക്കയറ്റം. ഈ പ്രശ്നങ്ങളെല്ലാം ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുന്നതാണ്. ഇതിനു പുറമെ പല രാഷ്ട്രങ്ങൾക്കും അവരുടേതായ ആഭ്യന്തര പ്രശ്നങ്ങളുമുണ്ട്. ദാരിദ്ര്യം, തൊഴിലില്ലായ്മ, ശിഥിലീകരണ ഭീഷണി, ഭരണപരമായ അസ്ഥിരത എന്നിങ്ങനെ.

ഇത്തരം പ്രശ്നങ്ങൾക്കൊക്കെ കൂട്ടായ ആലോചനയിലൂടെ പരിഹാരം കാണുകയാണല്ലോ രാഷ്ട്രാന്തരീയ ഉച്ചകോടികളുടെ ദൗത്യം. ജൂലൈ 4-8 തീയതികൾക്കിടയിൽ നടന്ന രണ്ട് ഉച്ചകോടികളിലും ഈ വിഷയങ്ങളൊക്കെ ചർച്ച ചെയ്യപ്പെട്ടു എന്നതു ശരിയാണ്. ചില തീരുമാനങ്ങൾ ഉണ്ടാവുകയും ചെയ്തു. പക്ഷേ, മൂർത്തമായ പരിഹാരം ഒരു പ്രശ്നത്തിനുമുണ്ടായില്ല. ആഗോള താൽപര്യങ്ങൾക്കുവേണ്ടി അവരവരുടെ ദേശീയ രാഷ്ട്രീയ താൽപര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യാൻ ആരും തയാറാവാതിരുന്നതാണ് കാരണം. അങ്ങനെ ഉച്ചകോടികൾ മേലാളന്മാരുടെ ആഘോഷങ്ങൾ മാത്രമായി കലാശിക്കുന്നു. പ്രശ്നങ്ങൾ പ്രശ്നങ്ങളായി അവശേഷിക്കുകയും ചെയ്യുന്നു.

കാലാവസ്ഥാ വ്യതിയാനത്തിനെതിരെയുള്ള പോരാട്ടം ശക്തിപ്പെടുത്തും, ഭക്ഷ്യോൽപാദനം വർധിപ്പിക്കുന്നതിനു കൂട്ടായി പരിശ്രമിക്കും, എണ്ണവില കുറച്ചുകൊണ്ടുവരാൻ നടപടികളെടുക്കും, ആഗോളതാപനം ഇപ്പോഴത്തേതിന്റെ പകുതിയാക്കി കുറക്കും - ഇതൊക്കെയാണ് സമ്മേളനങ്ങളുടെ തീരുമാനങ്ങൾ. പക്ഷേ, ഒന്നും നടപ്പിലാക്കാൻ പ്രായോഗികമായ യാതൊരു പദ്ധതിയും ആവിഷ്കരിച്ചിട്ടില്ല. എല്ലാവരും ഒരുപോലെ നേരിടുന്ന ഭീഷണിയാണ് ഹരിത ഗൃഹവാതകത്തിന്റെ അമിതമായ നിർഗമനം. വികസിത രാജ്യങ്ങളിലെ വ്യവസായ ശാലകളാണ് ഈ വാതകം അമിതമായി പുറത്തുവിടുന്നത്. അവർ വിചാരിച്ചാൽ മാത്രമേ ഇതിനു പരിഹാരം കാണാൻ കഴിയൂ.

വികസിത രാഷ്ട്രങ്ങളുടെ സ്വാർഥപരവും പക്ഷപാതപരവുമായ നിലപാടു മൂലം ഹരിതഗൃഹവാതക പ്രശ്നത്തിൽ ക്രിയാത്മകമായ ഒരു ചുവടുവെപ്പും നടത്താൻ ജി-8 ഉച്ചകോടിക്കു കഴിഞ്ഞില്ല. തർക്കവിതർക്കങ്ങൾക്കൊടുവിൽ ഹരിതഗൃഹവാതകം കുറക്കാനുള്ള തീരുമാനം പ്രാവർത്തികമാക്കാൻ സമയമായിട്ടില്ല എന്ന തീരുമാനത്തിലാണെത്തിച്ചേർന്നത്. ഭൗമതാപനം വർധിക്കട്ടെ, ഓസോൺപാളി വിണ്ടുകീറി ഭൗമാന്തരീക്ഷം വിഷമയമാകട്ടെ, മുതലാളിമാരുടെ ലാഭം കുറക്കുന്ന ഒന്നും ചെയ്യാൻ ഇപ്പോൾ പറ്റില്ല എന്നാണിതിനർഥം.

ഭക്ഷ്യപ്രതിസന്ധി സംബന്ധിച്ച ചർച്ചയും ഏതാണ്ട് ഇങ്ങനെയൊക്കെ തന്നെയാണ് കലാശിച്ചത്. കാർഷിക രാജ്യങ്ങളിലെ ദരിദ്രരായ കൃഷിക്കാരെ സഹായിക്കാൻ ഒരു പദ്ധതിയുമില്ല. ഉൽപാദിപ്പിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗണ്യമായഭാഗം ഊർജോൽപാദനത്തിന് ഉപയോഗിക്കുന്നത് ഒഴിവാക്കാനും പാശ്ചാത്യ രാജ്യങ്ങളൊന്നും തയാറല്ല.

എണ്ണയുടെ വിലക്കയറ്റവും ഭക്ഷ്യ പ്രതിസന്ധിയും ഡി-എട്ട് രാഷ്ട്രങ്ങളും വൻ വെല്ലുവിളികളായി വിലയിരുത്തുകയുണ്ടായി. രണ്ടു പ്രതിഭാസങ്ങളും അവരുടെ നിയന്ത്രണത്തിനു വെളിയിലാണ്. ഒരുവേള അതൊക്കെ നിയന്ത്രണത്തിൽ തന്നെയാണെങ്കിൽ പോലും പരിഹാരമാർഗങ്ങളിൽ ധീരമായ ചുവടുവെക്കാൻ അവർ ധൈര്യപ്പെടുമോ? വൻശക്തികളുടെ താൽപര്യങ്ങൾക്ക് വഴങ്ങാതിരിക്കാൻ കെൽപുള്ള ഏതു സ്വതന്ത്രരാഷ്ട്രമാണ് മൂന്നാം ലോകത്തുള്ളത്? പതിവുപോലെ ഉഭയകക്ഷി ബന്ധങ്ങൾ ശക്തിപ്പെടുത്താനും വ്യാപാരം വളർത്താനും തീരുമാനിച്ചുകൊണ്ട് ഡി-എട്ടും അവസാനിച്ചു. ആഗോള പ്രശ്നങ്ങളിലുള്ള പ്രഖ്യാപനങ്ങളൊന്നും ജി-എട്ടിന്റേതുപോലെ ഡി-എട്ടിന്റേതും പ്രാവർത്തികമാകാറില്ല.

ഡി-എട്ട് രാഷ്ട്രങ്ങൾ അവരെടുക്കുന്ന തീരുമാനങ്ങളുടെ ഉത്തരവാദിത്വമേറ്റെടുക്കുകയും അവരവരുടെ ദേശീയ സംവിധാനങ്ങളിൽ തദനുസൃതമായ പോളിസികൾ ആവിഷ്കരിച്ചു നീങ്ങുകയുമാണെങ്കിൽ തീർച്ചയായും കുറെ പ്രശ്നങ്ങളൊക്കെ പരിഹരിക്കാനാകും. എന്തിനും പടിഞ്ഞാറിന്റെ സമ്മതം വേണമെന്നുവെച്ചാൽ ഒന്നും നടക്കുകയില്ല. ■